# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 91 05.03.2012ൽ മറുപടിയ്ക്ക്

## കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾക്കുനേരെ വെടിവച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ. പ്രദീപ്കുമാർ : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് മുന്നിൽ സമരം ചെയ്ത വിദ്യാർത്ഥികൾക്ക് നേരെ അകാരണമായി വെടിവച്ച സംഭവം സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ ; | എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് മുന്നിൽ ഉണ്ടായ അക്രമ സംഭവങ്ങളെ തുടർന്നുണ്ടായ വെടിവയ്പിനെ സംബന്ധിച്ച് ഉത്തരമേഖല പോലീസ് അഡീഷണൽ ഡയറക്ടർ ജനറലും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും അന്വേഷണം നടത്തി. |
| ബി) അന്വേഷണത്തിൽ വെളിപ്പെട്ടതായ വസ്തുതകൾ വിശദമാക്കുമോ ; ആരുടെ നിർദ്ദേശ ത്തെത്തുടർന്നായിരുന്നു വെടിവയ്പുണ്ടായതെന്ന് വെളിപ്പെടുത്തുമോ ; | ബി) അന്വേഷണത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ വെളിവായിട്ടുണ്ട്.<br>1. കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് പരിസരത്ത് നിലനിന്നിരുന്ന അസ്വാസ്ഥ്യങ്ങൾ കണക്കിലെടുത്തും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരവും കോളേജ് പ്രിൻസിപ്പൽ നല്കിയ അപേക്ഷയുടെ അടിസ്ഥാനത്തിലും, ക്രമസമാധാനം പാലിക്കാനായി ശക്തമായ പോലീസ് ബന്തവസ് പ്രസ്തുത കോളേജ് പരിസരത്ത് വിന്യസിക്കേണ്ടത് അത്യാവശ്യമായിരുന്നു.<br>2. പ്രകടനം നടത്തിയവർ അക്രമാസക്തരായത് മൂലം അവിടെ ക്രമസമാധാനപാലനത്തിന് നിയോഗിക്കപ്പെട്ട ഒട്ടനവധി പോലീസ് ഉദ്യോ ഗസ്ഥർക്കും സമരക്കാർക്കും പരിക്കേറ്റു.<br>3. വെടിവയ്പ് നടത്തിയ പോലീസ് ഉദ്യോഗ സ്ഥൻ - കോഴിക്കോട് നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ - സംഭവ സ്ഥലത്ത് എത്തിയപ്പോൾ അദ്ദേഹത്തിനോ മറ്റു പോലീസ് ഉദ്യോഗസ്ഥർക്കോ നേരിട്ടുള്ള എന്തെങ്കിലും അപകട ഭീഷണികൾ ഇല്ലായി രുന്നു. സമരത്തിന്റെ പ്രക്ഷുബ്ധ ഘട്ടം ഏറെക്കുറെ കഴിഞ്ഞിരുന്നതിനാൽ വെടി വയ്പിനുള്ള നിർബന്ധിത സാഹചര്യം ഉണ്ടാ യിരുന്നില്ല. എന്നാൽ പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥരെ ആശുപത്രിയിലേക്ക് കൊണ്ടു പോകാൻ കഴിയാത്ത അവസ്ഥയുണ്ടാ യിരുന്നു. തന്റെ സർവ്വീസ് പിസ്റ്റൾ ഉപയോ ഗിച്ച് നാല് റൗണ്ട് വെടിവെച്ച കോഴിക്കോട് |

നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് സംഭവസ്ഥലത്തെ സ്ഥിതി ഗതികൾ വിലയിരുത്തുന്നതിൽ പിശകുപറ്റി.

വെടിവെച്ച ഉദ്യോഗസ്ഥൻ സർവ്വീസ് റിവോൾവർ ഉപയോഗിച്ച് സ്വമേധയാ ആകാശത്തേയ്ക്ക് വെടിവെയ്ക്കുകയാണുണ്ടായത്. വെടിവയ്പിൽ ആർക്കും പരിക്ക് പറ്റിയില്ല.

സി) വിദ്യാർത്ഥികളെ വെടിവച്ച ഉദ്യോഗസ്ഥൻ ഇപ്പോൾ സർവ്വീസിൽ തുടരുന്നുണ്ടോ ; സംഭവ ത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

സി) വെടിവച്ച ഉദ്യോഗസ്ഥൻ ഇപ്പോൾ സർവ്വീസിൽ തുടരുന്നുണ്ട്. വെടിവയ്പ് സംഭവത്തെത്തുടർന്ന് 21.10.2011 - ലെ ജി. ഒ. (ആർ.റ്റി.) നം. 3153/11/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം, വെടിവെച്ച ഉദ്യോഗസ്ഥനെ കോഴിക്കോട് നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സ്ഥാനത്തുനിന്നും മലപ്പുറം ക്രൈം ഡിറ്റാച്ച്മെന്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായി മാറ്റി നിയമിച്ചിരുന്നു. പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമായി പത്രമാധ്യമങ്ങളോട് പ്രസ്താവന നടത്തിയതിന് അദ്ദേഹത്തിനെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ